**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 2034 | 17.12.2012-ൽ മറുപടിയ്ക്ക്

**രാംസുധൻഝായെ മർദ്ദിച്ച സംഭവം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ആഗസ്റ്റ് മാസത്തിൽ നടന്ന ബാങ്ക് പണിമുടക്കിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തൊഴിലാളികൾ തിരുവനന്തപുരത്ത് നടത്തിയ പ്രകടനത്തിൽ പങ്കെടുക്കവേ, വർഷങ്ങളായി തലസ്ഥാനത്ത് ജോലി ചെയ്യുന്ന രാംസുധൻഝാ എന്ന അന്യസംസ്ഥാന തൊഴിലാളിയെ എ.എസ്.ഐ പിടിച്ചുകൊണ്ടുപോയി 6 മണിക്കൂറിലേറെ മർദ്ദിച്ചതായി പറയുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തുകയുണ്ടായോ; | (എ) ബാങ്ക് പണിമുടക്കിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തിരുവനന്തപുരത്ത് നടത്തിയ പ്രകടനത്തിൽ നുഴഞ്ഞു കയറിയ ശ്രീ. രാംസുധൻഝായെ സംശയത്തിന്റെ അടിസ്ഥാനത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ കൊണ്ടുവരികയും ഐഡിന്റിറ്റിയും മറ്റും പരിശോധിച്ചശേഷം വിട്ടയ്ക്കുകയും ചെയ്തു. ടിയാനെ പോലീസ് അന്യായമായി തടഞ്ഞുവയ്ക്കുകയോ മർദ്ദിക്കുകയോ ചെയ്തിട്ടില്ല. |
| (ബി) പ്രസ്തുത സംഭവത്തിൽ എ.എസ്.ഐ -യ്ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എ.എസ്.ഐ – യിൽ നിന്നും വിശദീകരണം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ബി) ഇല്ല. എ.എസ്.ഐ ക്രമം വിട്ട് പ്രവർത്തിച്ചിട്ടില്ലാത്തതിനാൽ വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ